**ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയം**
**വഞ്ചിയൂർ.പി.ഒ., തിരുവനന്തപുരം. പിൻ - 695035**
**ഫോൺ: 0471 2302490 വെബ്സൈറ്റ്: www.dhs.kerala.gov.in**
**ഇ-മെയിൽ: dhskerala@gmail.com, dhskerala.hlth@kerala.gov.in**

---

നം: DHS/27703/2025-EF4 തീയതി: 18-04-2026

## കാരണം കാണിക്കൽ നോട്ടീസ്

പാലക്കാട് ജില്ലയിലെ ആലത്തൂർ താലൂക്ക് ആസ്ഥാന ആശുപത്രിയിൽ ഡെന്റൽ ഹൈജീനിസ്റ്റ് ഗ്രേഡ് **II** ആയി ജോലി ചെയ്തിരുന്ന ശ്രീ. മുഹമ്മദ് റാസ്. എം.പി എന്ന താങ്കൾ **14.03.2018 FN** തീയതിയിൽ സർവീസിൽ പ്രവേശിക്കുകയുണ്ടായി. തുടർന്ന് **25.11.2025** മുതൽ **21.02.2026** വരെ **89** ദിവസത്തെ ശൂന്യവേതനാവധിയിൽ പ്രവേശിക്കുകയും പ്രസ്തുത കാലാവധി **21.02.2026** തീയതിയിൽ അവസാനിച്ചിട്ടുള്ളതുമാണ്. എന്നാൽ താങ്കൾ **22.02.2026** തീയതിയിൽ ജോലിയിൽ തിരികെ പ്രവേശിക്കാതെ അനധികൃതമായി ജോലിയിൽ നിന്നും വിട്ടു നിൽക്കുന്നതായി ബോധ്യപ്പെട്ടിട്ടുള്ളതാണ്. പ്രൊബേഷൻ കാലാവധിക്കുള്ളിൽ അനധികൃതമായി ജോലിക്ക് ഹാജരാകാതിരുന്നതിനാൽ **1958**-ലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവീസ് റൂൾസിലെ ബന്ധപ്പെട്ട ചട്ടങ്ങൾ പ്രകാരം താങ്കളുടെ പ്രൊബേഷൻ അവസാനിപ്പിക്കുന്നതിനും, സർവീസിൽ നിന്നും നീക്കം ചെയ്യുന്നതിനും താൽക്കാലികമായി തീരുമാനിച്ചിരിക്കുന്നു.

ആയതിനു എതിരായി താങ്കൾക്ക് എന്തെങ്കിലും ബോധിപ്പിക്കാനുണ്ടെങ്കിൽ ഈ നോട്ടീസ് ലഭിച്ച് **15** ദിവസത്തിനകം പ്രതിവാദ പത്രിക സമർപ്പിക്കേണ്ടതാണ്. തൽസംബന്ധമായ പ്രതിവാദ

പത്രികയോ, വിശദീകരണമോ താങ്കളിൽ നിന്നും ടി കാലയളവിനുള്ളിൽ ലഭിക്കാത്ത പക്ഷം താങ്കൾക്ക് ഇക്കാര്യത്തിൽ യാതൊന്നും ബോധിപ്പിക്കാനില്ല എന്ന നിഗമനത്തിൽ താങ്കളുടെ പ്രൊബേഷൻ അവസാനിപ്പിച്ച് സർവീസിൽ നിന്നും നീക്കം ചെയ്യാനുള്ള താൽക്കാലിക തീരുമാനം സ്ഥിരപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്.

Digitally signed by
V R Vanaja
Date: 18-04-2026
10:37:07

DEPUTY DIRECTOR OF HEALTH SERVICES

സ്വീകർത്താവ്:

Sri. Muhammed Raz M P
354, Manjambreyakth Bareesouth,
JM Road, Ponnani
Malappuram-679 583

പകർപ്പ്:

1. ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം), പാലക്കാട്
2. സൂപ്രണ്ട്, താലൂക്ക് ആസ്ഥാന ആശുപത്രി, ആലത്തൂർ, പാലക്കാട്
3. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ വെബ്സൈറ്റ് (പ്രസിദ്ധീകരണത്തിന്)
4. ഫയൽ/ കരുതൽ ഫയൽ